# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **843**

08.01.2014 - ൽ മറുപടിയ്ക്ക്

## ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഉമ്മർ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ ; | (എ) ഔഷധസസ്യങ്ങളുടെ കൃഷി, തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധസസ്യങ്ങളുടെയും സംരക്ഷണം, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉൽപാദനം, സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഒരു ഔഷധോദ്യാനം, ദേശീയ ആംലാ മിഷൻ, ജില്ലാതല ഔഷധ സസ്യ ഉദ്യാനങ്ങൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധസസ്യ ഉദ്യാനങ്ങൾ തുടങ്ങി ഔഷധ സസ്യമേഖലയെ സംരക്ഷിക്കുന്നതിന് ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ , സർക്കാരിതര തരിശുഭൂമികളിലെ ഔഷധ സസ്യ കൃഷി, വനം വകുപ്പ്, വനം വികസന കോർപ്പറേഷൻ, ജയിൽ, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വിപുലമായ രീതിയിലുള്ള ഔഷധസസ്യത്തോട്ടങ്ങൾ തുടങ്ങിയ പദ്ധതികളും ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനും |

വ്യാപനത്തിനുമായി സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ എല്ലാം തന്നെ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും 2012 മുതൽ സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നവയാണ്.

| | | | |
|---|---|---|---|
| (ബി) | ആയുർവേദ ഔഷധസസ്യങ്ങൾ വീട്ടുകളിൽ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിച്ച് ഔഷധ സസ്യകൃഷി ജനകീയമാക്കാൻ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഔഷധ സസ്യങ്ങളുടെ വിതരണം സംബന്ധിച്ച് ഏതെങ്കിലും വകുപ്പുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | നിലവിൽ ഗുണമേന്മയുള്ള ഔഷധ സസ്യങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് കേരള വനം വകുപ്പ്, കേരള വന വികസന കോർപ്പറേഷൻ, കേരള വന ഗവേഷണ സ്ഥാപനം, സർക്കാർ ആയുർവേദ ഗവേഷണ സ്ഥാപനം, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, ഔഷധി, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലൂടെയും അമല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, കോട്ടയ്ക്കൽ ആര്യവൈദ്യശാല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, എം.എസ്. സ്വാമിനാഥൻ ഗവേഷണ സ്ഥാപനം, ഓയിസ്ക ഇന്റർ നാഷണൽ തുടങ്ങിയ സർക്കാരിതര സ്ഥാപനങ്ങളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ